# <u>അറിയിപ്പ്</u>

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പുനരധിവാസ പാക്കേജിന്റെ ഭാഗമായി തെന്നൂർക്കോണം എന്ന സ്ഥലത്ത് 14-ആം ബ്ലോക്കിൽ 337/8 (ഭാഗം) സർവ്വേ നമ്പറിലുള്ള 0.810 ഹെക്ടർ പുരയിടത്തിൽ ഒരു പകൽവീട് നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ: ഇതിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമായുള്ള അവകാശം ആക്ട് 2013-ൻറെ നാലാം വകുപ്പിൻറെ ഒന്നാം ഉപ വകുപ്പിനനുസൃതമായ ജില്ലാ കളക്ടറുടെ ഉത്തരവ് (ഗസറ്റ് വിജ്ഞാപനം നമ്പർ 2542/ തിയതി 01/08/2023) പ്രകാരം സാമൂഹിക ആഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട്, 30.09.2023-ന്, ശനിയാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്ക് തിരുവനന്തപുരം കോർപറേഷൻ വിഴിഞ്ഞം സോണൽ ഓഫീസിൽ വച്ച് നടക്കുന്ന പബ്ലിക് ഹിയറിങ്ങിൽ എല്ലാ ഭൂവുടമകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഹാജരാകണമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. സാമൂഹിക പ്രത്യാഘാത പഠനത്തിൻറെ കരട് റിപ്പോർട്ട് കളക്ടറേറ്റ്, വില്ലേജ് ഓഫീസ്, കോർപറേഷൻ ഓഫീസ്, അധ്വാനയുടെ വെബ്സൈറ്റായ www.adhwana.org എന്നിവിടങ്ങളിൽ പരിശോധനയ്ക്കായി ലഭ്യമാണ്.

ചെയർപേഴ്സൺ
അദ്ധ്വാന

12.09.2023